# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4259** **19/10/2011** -ൽ മറുപടിക്ക്

## ചെറുകിട കച്ചവടക്കാരനായിരുന്ന ശ്രീ. എം.റ്റി.ചാക്കോയ്ക്ക് പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.തിലോത്തമൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട കച്ചവടക്കാർക്കും ഫുട് പാത്ത് കച്ചവടക്കാർക്കും നിലവിൽ ക്ഷേമനിധിയും പെൻഷനും നൽകുന്നുണ്ടോ; ഇവരിൽ നിന്ന് ക്ഷേമനിധി വിഹിതമായി എത്ര രൂപ വീതമാണ് പിരിച്ചെടുക്കുന്നത്; ഇവർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള നിബന്ധനകളും നടപടികളും എന്താണെന്ന് വ്യക്തമാക്കാമോ; | (എ) 1960-ലെ ഷോപ്പ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കും, തൊഴിലാളിയെ നിയോഗിക്കാതെ സ്വന്തമായി തൊഴിൽ ചെയ്യുന്നവർക്കും ട്രേഡേഴ്സ് വെൽഫെയർ ഫണ്ടിൽ അംഗമായി ചേർന്നിട്ടില്ലാത്ത ചെറുകിട കച്ചവടക്കാർക്കും ഫുട്പാത്ത് കച്ചവടക്കാർക്കും കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗമാകാവുന്നതാണ്. ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നവർ 20/- രൂപ തൊഴിലാളി വിഹിതവും 20/- രൂപ തൊഴിലുടമാ വിഹിതവും ചേർത്ത് മൊത്തം 40/- രൂപയാണ് പ്രതിമാസം അടയ്ക്കേണ്ടത്. നിധിയിൽ അംഗമായി ചേർന്ന് കുറഞ്ഞത് 10 വർഷം സർവ്വീസുള്ളയാൾ 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ നൽകാൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 15/3/2007-ലാണ് കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നത്. ആയതിനാൽ പെൻഷൻ കൊടുത്തു തുടങ്ങേണ്ട സമയം ആയിട്ടില്ല. |

JSK/

| | | | |
|---|---|---|---|
| (ബി) | ചേർത്തലയിൽ മിനി ഫുട്വെയേഴ്സ് എന്ന സ്ഥാപനം നടത്തിയിരുന്ന ശ്രീ. എം.റ്റി.ചാക്കോ (ക്ഷേമനിധി നം. ഡി.ഡബ്ല്യൂ.എഫ്.ഡി. 1306)യ്ക്ക് പെൻഷൻ നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രീ. എം.റ്റി.ചാക്കോ (വ്യാപാരക്ഷേമ ബോർഡ്-ക്ഷേമനിധി നം. ഡി.ഡബ്ല്യൂ. എഫ്.ഡി. 1306) പെൻഷൻ അപേക്ഷയോടൊപ്പം 2009-10-ലെ ലൈസൻസിന്റെ പകർപ്പ് ഹാജരാക്കാതിരുന്നതിനാലാണ് പെൻഷൻ നൽകാത്തത്. (നികുതി വകുപ്പുമായി ബന്ധപ്പെട്ടത്) |
| (സി) | വൃദ്ധനും രോഗിയുമായ ശ്രീ. എം.റ്റി.ചാക്കോയ്ക്ക് പെൻഷൻ അനുവദിച്ച നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | അനുകമ്പ അർഹിക്കുന്ന കേസുകളിൽ പെൻഷൻ നൽകത്തക്കവിധത്തിൽ വ്യാപാര ക്ഷേമബോർഡിൽ 'അവശതാ പെൻഷൻ' നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

JSK/